12
2025
ജൂലൈ
വെള്ളി
മിഥുനം 27

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.182 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-182 പേജ് 4. വില 2.00 രൂപ




02 തട്ടിപ്പിനിരയായത് അഞ്ചു മലയാളികളടക്കം 44 ഇന്ത്യക്കാർ

03 പട്ടാള ഈച്ചയുടെ ലാർവയിൽ നിന്ന് മത്സ്യതീറ്റ: പരിശീലനവുമായി സിഎംഎഫ്ആർഐ

04 വോട്ടർപട്ടിക പുതുക്കൽ: ബിഹാറിലെ ഒരു കോടിയോളം വോട്ടർമാർ പുറത്താകും

## വിദ്യാർഥികളുടെ സുരക്ഷ

# ഒട്ടേറെ പോരായ്മകളെന്ന് ഹൈക്കോടതി

കൊച്ചി : പാമ്പുകടി ഉൾപ്പെടെയുള്ളവയിൽനിന്നു വിദ്യാർഥികളെ സംരക്ഷിക്കാനുള്ള സുരക്ഷാ മാർഗനിർദേശങ്ങളുടെ കരടെങ്കിലും സർക്കാർ സമർപ്പിക്കുമെന്നു പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ലെന്ന് ഹൈക്കോടതി. സുരക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ സർക്കുലറിൽ ഒട്ടേറെ പോരായ്മകൾ ഉണ്ടെന്നും വിവിധ വകുപ്പുകളുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തണമെന്നും കഴിഞ്ഞ മാസം 5ന് കേസ് പരിഗണിച്ചപ്പോൾ കോടതി നിർദേശിച്ചിരുന്നു. എന്നാൽ ഇന്നലെ കേസ് പരിഗണിച്ചപ്പോൾ സർക്കാർ കൈമലർത്തി. തുടർന്ന് തദ്ദേശം, ആരോഗ്യം, വനം, വിദ്യാഭ്യാസ വകുപ്പുകളുടെ യോഗം വിളിച്ച് സ്കൂളുകളിലെ സുരക്ഷയുമായി ബന്ധപ്പെട്ട സമഗ്രമായ മാർഗനിർദേശങ്ങൾ തയാറാക്കാൻ ചീഫ് സെക്രട്ടറിക്ക് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരുടെ ബെഞ്ച് നിർദേശം നൽകി.




2019ൽ വയനാട് സുൽത്താൻ ബത്തേരിയിലെ സ്കൂളിൽ വിദ്യാർഥിനി പാമ്പുകടിയേറ്റു മരിച്ചതിനെത്തുടർന്ന് വിദ്യാർഥികളുടെ സുരക്ഷ വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് അഡ്വ. കുളത്തൂർ ജയ്സിങ് നൽകിയ ഹർജിയും കോടതി സ്വമേധയാ എടുത്തു കേസുമാണ് ഹൈക്കോടതി മുമ്പാകെയുള്ളത്. ഇക്കഴിഞ്ഞ ജൂൺ 5ന് കേസ് പരിഗണിച്ചപ്പോൾ സ്കൂളുകളിലെ സുരക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ സർക്കുലർ സർക്കാർ സമർപ്പിച്ചിരുന്നു. എന്നാൽ ഇതിൽ ഒട്ടേറെ പോരായ്മകൾ കോടതി ചൂണ്ടിക്കാട്ടി. വിദ്യാർഥികൾക്കുള്ള വൈദ്യസഹായം, പരിശീലനം തുടങ്ങി ഉത്തരവാദിത്തങ്ങളുടെ ഭാരമെല്ലാം സ്കൂളിനു മേൽ അടിച്ചേൽപ്പിക്കുന്നതായിരുന്നു സർക്കുലറിലെ നിർദേശങ്ങൾ.

എന്നാൽ തദ്ദേശ, ആരോഗ്യ, വനം വകുപ്പുകളുടെ സഹകരണമില്ലാതെ കാര്യങ്ങൾ നടത്താനും സാധിക്കില്ല. എല്ലാ സ്കൂളുകളും സുരക്ഷാ ഓഡിറ്റ് നടത്തണമെന്നാണ് സർക്കുലറിൽ പറയുന്നത്. എന്നാൽ തദ്ദേശ വകുപ്പിലെ അസി. എൻജിനീയർക്കാണ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ, സുപക് തുടങ്ങിയവയുടെ ചുമതല. സ്കൂളിൽ ഫസ്റ്റ് എയ്ഡ് കിറ്റ് ഉണ്ടായിരിക്കണമെന്നും സിപിആർ ഉൾപ്പെടെ നൽകാൻ രണ്ട് ജീവനക്കാർക്കെങ്കിലും പരിശീലനം നൽകണമെന്നും സർക്കുലറിൽ പറയുന്നുണ്ട്, എന്നാൽ ഇത് സ്കൂളുകളുടെ സുരക്ഷ സംബന്ധിച്ചുള്ള കേന്ദ്രസർക്കാർ മാർഗനിർദേശങ്ങളിൽ തന്നെ പറയുന്നതാണ്. അടിയന്തര ഘട്ടങ്ങളിൽ ആവശ്യമായ വൈദ്യ സഹായം നൽകുന്നതിനുള്ള സ്കൂളുകൾ പദ്ധതി രൂപീകരിക്കണമെന്നു പറയുന്നതിനു പകരം ഒരു മാതൃകാ പദ്ധതിയെങ്കിലും സർക്കാർ ഉണ്ടാക്കി നൽകണം എന്നതടക്കമുള്ള നിർദേശങ്ങളായിരുന്നു ഹൈക്കോടതി നൽകിയിരുന്നത്.

കേസ് പരിഗണിച്ചപ്പോൾ സർക്കുലർ ചീഫ് സെക്രട്ടറി പരിഗണിക്കണമെന്നതടക്കമുള്ള കാര്യങ്ങൾ തങ്ങൾ വ്യക്തമാക്കിയിരുന്നുവെന്നും കോടതി ചൂണ്ടിക്കാട്ടി. വീണ്ടും കേസ് പരിഗണിക്കുമ്പോൾ മാർഗനിർദേശങ്ങളുടെ ഒരു കരട് എങ്കിലും സമർപ്പിക്കും എന്നു കരുതി ഇതൊരു ഉത്തരവായി പ്രഖ്യാപിച്ചില്ലെന്നും കോടതി പറഞ്ഞു. സ്കൂളുകൾ തുറന്നു പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ സുരക്ഷ സംബന്ധിച്ച് മാർഗനിർദേശങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. എന്നാൽ ബന്ധപ്പെട്ട എല്ലാവരുടേയും യോഗം വിളിക്കാൻ ചീഫ് സെക്രട്ടറി തീരുമാനിച്ചിട്ടുണ്ടെന്നാണ് തനിക്കുള്ള അറിവെന്ന് സർക്കാർ അഭിഭാഷകൻ വ്യക്തമാക്കി. ഇതോടെയാണ് ചീഫ് സെക്രട്ടറി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിക്കണമെന്നും വീണ്ടും കേസ് പരിഗണിക്കുന്ന ജൂലൈ 28ന് മാർഗനിർദേശങ്ങൾ സമർപ്പിക്കുമെന്നാണു പ്രതീക്ഷിക്കുന്നതെന്നും കോടതി വ്യക്തമാക്കി.

## സർക്കിൾ ഇൻസ്പെക്ടർ ജീവനൊടുക്കി: പിന്നിൽ മേൽ ഉദ്യോഗസ്ഥരുടെ സമ്മർദം? ആരോപണവുമായി കുടുംബം

തിരുവനന്തപുരം : കേരള പൊലീസ് ടെലികമ്യൂണിക്കേഷൻ വിഭാഗത്തിലെ സർക്കിൾ ഇൻസ്പെക്ടർ കുണ്ടറ കാഞ്ഞിരക്കോട് തെങ്ങുവിള വീട്ടിൽ ജെയ്സൺ അലക്സ് (48) ജീവനൊടുക്കിയ സംഭവത്തിനു പിന്നിൽ മേൽ ഉദ്യോഗസ്ഥരുടെ സമ്മർദമാണെന്ന ആരോപണവുമായി കുടുംബം. 6 കോടിയുടെ ബില്ലിൽ ഒപ്പിടാൻ സമ്മർദമുണ്ടായതായി ജെയ്സന്റെ അമ്മ ജമ്മ അലക്സ് പറഞ്ഞു. ബില്ലിൽ പ്രശ്നങ്ങളുണ്ടെന്നും ഒപ്പിട്ടാൽ കുടുങ്ങുമെന്നും മകൻ പറഞ്ഞിരുന്നതായി അമ്മ ആരോപിച്ചു.




ഇന്നു രാവിലെയാണ് ജെയ്സൺ അലക്സിനെ പുല്ലാന്നിവിള കടവൻകോട്ടുകോണം ബഥേലിലെ വീട്ടിൽ ജീവൻ ഒടുക്കിയ നിലയിൽ കണ്ടെത്തിയത്. അധ്യാപികയായ ഭാര്യയും മക്കളും സ്കൂളിൽ പോയ സമയത്തായിരുന്നു സംഭവം. രാവിലെ തിരുവനന്തപുരത്തുള്ള ടെലികമ്യൂണിക്കേഷൻ ഓഫിസിൽ എത്തിയ ജെയ്സൺ ഡ്യൂട്ടിക്കിടയിൽ 9 മണിയോട് സഹപ്രവർത്തകരോട് ഒന്നും പറയാതെ ബൈക്കുമെടുത്ത് പോയി. ജെയ്സൺ ബൈക്കിൽ പോകുന്നതു സിസിടിവി ക്യാമറയിലൂടെ കണ്ട ഉദ്യോഗസ്ഥരിൽ ചിലർ ഇരുചക്രവാഹനത്തിൽ ജയ്സൺ താമസിക്കുന്ന പുല്ലാന്നിവിളയിലെ വീട്ടിൽ എത്തി. ചാരിയിട്ട നിലയിൽ കണ്ട മുൻ വാതിൽ തുറന്നപ്പോൾ മുറിയിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

മൃതദേഹം മെഡിക്കൽ കോളജ് മോർച്ചറിയിലേക്കു മാറ്റി. വീട്ടിൽ നിന്നും ആത്മഹത്യ കുറിപ്പൊന്നും പൊലീസ് കണ്ടെത്തിയിട്ടില്ല. കുണ്ടറ സ്വദേശിയായ ജെയ്സൺ അലക്സ് മൂന്നു വർഷം മുൻപാണ് പുല്ലാന്നിവിളയ്ക്കു സമീപം കടവൻ കോട്ടുകോണത്ത് വീടു വച്ചു താമസമാക്കിയത്. റിട്ട. അധ്യാപിക ജമ്മ അലക്സാണ്ടറുടെയും പരേതനായ അലക്സാണ്ടറുടെയും മകനാണ്. ഭാര്യ സോമി ജെയ്സൺ അധ്യാപികയാണ്. മക്കൾ: ആൽമി, ആൻസി. കേന്ദ്രമന്ത്രി അമിത്ഷായുടെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് ജെയ്സൺ രാവിലെ 6 മണിക്ക് വീട്ടിൽ നിന്നിറങ്ങി ഓഫിസിൽ എത്തിയത്. അസ്വാഭാവിക മരണത്തിനു കഴക്കൂട്ടം പൊലീസ് കേസ് എടുത്തു.

## നിമിഷപ്രിയയുടെ കുടുംബത്തിന് മോചനദ്രവ്യം നൽകാൻ തയ്യാറെന്ന് അബ്ദുൽ റഹീം ട്രസ്റ്റ്

തിരുവനന്തപുരം : യെമനിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട നിമിഷപ്രിയയുടെ മോചനത്തിനായി ഗവർണറെയും നേതാക്കളെയും കണ്ട് അവസാന ശ്രമവുമായി കുടുംബം. നിമിഷപ്രിയയുടെ വധശിക്ഷ ബുധനാഴ്ച നടപ്പാക്കുമെന്ന അറിയിപ്പ് ലഭിച്ചതിനു പിന്നാലെ ഓരോ വാതിലിലും മുട്ടുകയാണു കുടുംബം. ചാണ്ടി ഉമ്മൻ എംഎൽഎയുടെ ഇടപെടലിലൂടെ ഗവർണർ രാജേന്ദ്ര അർലേക്കറിനെ കണ്ട ഭർത്താവ് ടോമി തോമസ് ഇന്ന് തിരുവനന്തപുരത്ത് എത്തുന്ന കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായെ ഉൾപ്പെടെ കാണാൻ ശ്രമിക്കുകയാണ്. ആശ്വാസകരമായ പ്രതികരണമാണ് ഗവർണറുടെ ഭാഗത്തുനിന്ന് ഉണ്ടായതെന്ന് ടോമി തോമസ് പറഞ്ഞു. എല്ലാ പിന്തുണയും നൽകുമെന്നും ധൈര്യമായി ഇരിക്കാനും ഗവർണർ പറഞ്ഞു. നിമിഷപ്രിയയ്ക്കായി മോചനദ്രവ്യം നൽകാൻ അബ്ദുൽ റഹീം ട്രസ്റ്റ് സന്നദ്ധത അറിയിച്ചതായി ചാണ്ടി ഉമ്മൻ എംഎൽഎ പറഞ്ഞു. ഇന്നലെ ബോർഡ് യോഗം ചേർന്ന് അവർ ഇന്ന് ഇക്കാര്യം അറിയിച്ചുവെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു. നിമിഷപ്രിയയുടെ മോചനമെന്നത് ഉമ്മൻ ചാണ്ടിയുടെ അവസാന ആഗ്രഹങ്ങളിലൊന്നായിരുന്നുവെന്നും അതിനായി ശ്രമം തുടരുമെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു. ചാണ്ടി ഉമ്മന്റെ ഇടപെടലിനെ തുടർന്ന് യെമനിലുള്ള നിമിഷപ്രിയയുടെ അമ്മയും ഫോണിലൂടെ ഗവർണറുമായി സംസാരിച്ചിരുന്നു.



## വയനാട്ടിൽ എലിപ്പനി ബാധിച്ച് യുവാവ് മരിച്ചു

വയനാട്: വയനാട്ടിൽ എലിപ്പനി ബാധിച്ച് യുവാവ് മരിച്ചു. ചീരാൽ കൊഴുവണ ഉന്നതിയിലെ വിഷ്ണു ആണ് മരിച്ചത്. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം.

ചൊവ്വാഴ്ച വൈകുന്നേരം പനി മൂർച്ഛിച്ചതിനെ തുടർന്ന് വിഷ്ണുവിനെ മെഡിക്കൽ കോളജിൽ എത്തിച്ചത്. ചീരാൽ കുടുംബാരോഗ്യകേന്ദ്രത്തിൽ വിഷ്ണു പനിയെ തുടർന്ന് ചികിത്സയ്ക്കെത്തിയിരുന്നു.

## കീം ഫലം റദ്ദാക്കിയ വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകി സർക്കാർ

കൊച്ചി: കേരള എൻജിനിയറിംഗ്, ഫാർമസി (കീം) പ്രവേശന യോഗ്യതാ പരീക്ഷാ ഫലം റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരെ അതിവേഗം അപ്പീൽ നൽകി സംസ്ഥാന സർക്കാർ. സിംഗിൾ ബെഞ്ച് ഉത്തരവ് അടിയന്തരമായി റദ്ദാക്കി പ്രവേശന നടപടികളുമായി മുന്നോട്ട് പോകാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഡിവിഷൻ ബെഞ്ചിലാണ് അപ്പീൽ നൽകിയത്.ഹർജി വ്യാഴാഴ്ച ഹൈക്കോടതി പരിഗണിക്കും. ഈയാഴ്ചയോടെ തുടങ്ങാനിരുന്ന പ്രവേശന നടപടികളെ അനിശ്ചിതത്വത്തിലാക്കുന്നതായിരുന്നു ഹൈക്കോടതി വിധി. സർക്കാരിന്റെ അപ്പീൽ ഡിവിഷൻ ബെഞ്ച് അംഗീകരിച്ചാൽ പുതിയ ഫോർമുല തുടരാനാവും. അപ്പീൽ തള്ളിയാൽ പഴയ രീതിയിലേക്ക് മാറി റാങ്ക് പട്ടികയടക്കം മാറ്റേണ്ട സാഹചര്യമുണ്ടാകും. കേരള സിലബസ് വിദ്യാർഥികളുടെ മാർക്ക് ഏകീകരണത്തിൽ മാറ്റം വരുത്തിയ നടപടിയാണ് കോടതി റദ്ദാക്കിയത്. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്നും ജസ്റ്റീസ് ഡി. കെ. സിംഗ് ചൂണ്ടിക്കാട്ടിയിരുന്നു.

മുൻ സമവാക്യം അനുസരിച്ച് റാങ്ക് ലിസ്റ്റ് തയാറാക്കുമ്പോൾ കേരള സിലബസ് വിദ്യാർഥികൾക്ക് സിബിഎസ്ഇ വിദ്യാർഥികളേക്കാൾ മാർക്ക് കുറയുന്നതായി പരാതി ഉയർന്ന സാഹചര്യത്തിലാണ് സർക്കാർ പുതിയ സമവാക്യം കൊണ്ടുവന്നത്.

എന്നാൽ മാർക്ക് ഏകീകരണത്തിനുള്ള പുതിയ സമവാക്യം മൂലം സിബിഎസ്ഇ വിദ്യാർഥികൾക്ക് മുൻപ് ഉണ്ടായിരുന്ന വെയിറ്റേജ് നഷ്ടമായെന്ന് ചൂണ്ടിക്കാട്ടി സിബിഎസ്ഇ സിലബസിൽ പ്ലസ് ടു പാസായ വിദ്യാർഥിനി ഹന ഫാത്തിമ ഹർജിയുമായി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

## ബസ് യാത്രക്കാരുടെ തിരിച്ചറിയൽ രേഖ പരിശോധിച്ച ശേഷം വെടിവയ്പ്പ്; 9 പേരെ വധിച്ച് ബലൂചിസ്ഥാൻ ലിബറേഷൻ ഫ്രണ്ട്

കറാച്ചി : ബലൂചിസ്ഥാനിൽ ബസ് യാത്രക്കാർക്ക് നേരെയുണ്ടായ ആക്രമണത്തിൽ 9 പേർ കൊല്ലപ്പെട്ടു. ബലൂചിസ്ഥാൻ ലിബറേഷൻ ഫ്രണ്ട് സംഭവത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. പഞ്ചാബ് പ്രവിശ്യയിലെ ആളുകളാണ് കൊല്ലപ്പെട്ടത്. ഇവരുടെ തിരിച്ചറിയൽ കാർഡുകൾ പരിശോധിച്ചശേഷം വെടിവച്ചു കൊല്ലുകയായിരുന്നു.

ക്വറ്റയിൽനിന്ന് പഞ്ചാബിലേക്ക് പോകുകയായിരുന്ന രണ്ട് ബസുകൾ അക്രമികൾ ദേശീയപാതയിൽ തടഞ്ഞു നിർത്തുകയായിരുന്നു. അതിനുശേഷം യാത്രക്കാരെ പരിശോധിച്ചു. പഞ്ചാബ് സ്വദേശികളെ ബസിൽനിന്നിറക്കി. അടുത്തുള്ള സ്ഥലത്തേയ്ക്ക് കൊണ്ടുപോയി വെടിവച്ചു കൊലപ്പെടുത്തി. ഇവരുടെ ശരീരങ്ങൾ റോഡരികിൽനിന്നു കണ്ടെടുത്തതായും പഞ്ചാബിന്റെ വിവിധ ഭാഗങ്ങളിലുള്ളവരാണ് കൊല്ലപ്പെട്ടതെന്നും പ്രദേശവാസികൾ രാജ്യാന്തര മാധ്യമങ്ങളോട് പറഞ്ഞു.

പാക്കിസ്ഥാനിൽനിന്നു മോചനം ആവശ്യപ്പെട്ട് ബലൂചിസ്ഥാനിൽ വിവിധ സായുധ സേനകൾ പോരാട്ടത്തിലാണ്. ക്വറ്റയിൽനിന്നു പെഷാവറിലേക്കു പോയ ജാഫർ എക്സ്പ്രസ് പിടിച്ചെടുത്തു യാത്രക്കാരെ ബലൂചിസ്ഥാൻ ലിബറേഷൻ ആർമി (ബിഎൽഎ) ബന്ദികളാക്കിയതു മാർച്ചിലാണ്. ബിഎൽഎ പോരാളികളെ വധിച്ച് പാക്ക് സൈന്യം ഇവരെ മോചിപ്പിച്ചിരുന്നു. ബലൂചിസ്ഥാനിലും വടക്കു പടിഞ്ഞാറൻ പാക്കിസ്ഥാനിലെ ഖൈബർ പഖ്തൂൺഖ്വ മേഖലയിലും വിഘടനവാദികൾ ഈ വർഷം നടത്തിയ ആക്രമണങ്ങളിൽ ഇരുനൂറിലേറെപ്പേരാണു കൊല്ലപ്പെട്ടത്. ഇതിൽ ഭൂരിഭാഗവും പാക്ക് സൈനികരായിരുന്നു.



# ജീവനക്കാരനെ മർദിച്ചതിന് പിന്നാലെ മഹാരാഷ്ട്ര എംഎൽഎ ഹോസ്റ്റലിലെ കാൻറീനിന്റെ ലൈസൻസ് റദ്ദാക്കി

മുംബൈ: മോശം ഭക്ഷണം നൽകിയെന്ന് ആരോപിച്ച് കാൻറീൻ ജീവനക്കാരനെ മർദിച്ചതിന് പിന്നാലെ എംഎൽഎ ഹോസ്റ്റലിൽ ഭക്ഷണം വിതരണം ചെയ്യുന്ന അജന്ത കേറ്ററേഴ്സിന്റെ ലൈസൻസ് റദ്ദാക്കി മഹാരാഷ്ട്ര ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ.

സംഭവവുമായി ബന്ധപ്പെട്ട് ശിവസേന എംഎൽഎ സഞ്ജയ് ഗെയ്ക്വാദാണ് കാൻറീൻ ജീവനക്കാരനെ മർദിച്ചത്. സംഭവം വിവാദമായിരുന്നു.

ബുധനാഴ്ചയാണ് സംഭവം നടന്നത്. മർദനത്തിന് പിന്നാലെ മഹാരാഷ്ട്ര ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്ഡിഎ) പരിശോധനയ്ക്കായി ഭക്ഷണത്തിന്റെ സാമ്പിളുകൾ ശേഖരിച്ചിരുന്നു. തുടർന്നാണ് ലൈസൻസ് റദ്ദാക്കിയത്. പരിശോധനയിൽ അടുക്കളയിലെ തറയിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് കണ്ടെത്തി. വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഭക്ഷണങ്ങൾ ശരിയായി വേർതിരിക്കുന്നില്ലെന്ന് നിരീക്ഷിക്കപ്പെട്ടു. തൊഴിലാളികൾക്ക് വസ്ത്രം മാറാൻ മുറി ഉണ്ടായിരുന്നില്ല. അടുക്കളയ്ക്ക് സമീപമാണ് വസ്ത്രങ്ങൾ സൂക്ഷിച്ചിരുന്നത്. തൊഴിലാളികൾ കൈയുറകളും യൂണിഫോമുകളും ഇല്ലാതെയാണ് ജോലി ചെയ്യുന്നതെന്നും റിപ്പോർട്ടിലുണ്ട്.

# കാനഡയിൽ ചെറുവിമാനങ്ങൾ കൂട്ടിയിടിച്ച് മലയാളി വിദ്യാർഥി ഉൾപ്പടെ രണ്ടുപേർ മരിച്ചു

ഒട്ടാവ: കാനഡയിൽ ചെറുവിമാനങ്ങൾ കൂട്ടിയിടിച്ച് മലയാളി വിദ്യാർഥി ഉൾപ്പടെ രണ്ടുപേർ മരിച്ചു. തൃപ്പൂണിത്തുറ സ്വദേശി ശ്രീഹരി സുകേഷും സഹപാഠി സാവന്ന മേയ് റോയ്സുമാണ് മരിച്ചത്. മാനിട്ടോബ വിമാനത്താവളത്തിന് സമീപമാണ് അപകടമുണ്ടായത്. കാനഡയിലെ ഹാർവ്സ് എയർ പൈലറ്റ് ട്രെയിനിംഗ് സ്കൂളിലെ വിദ്യാർഥികളായിരുന്നു ഇരുവരും. പരിശീലനത്തിനിടെയാണ് സംഭവം.

സ്വകാര്യ പൈലറ്റ് ലൈസൻസ് നേടിയ ശ്രീഹരി കൊമേഴ്ഷ്യൽ ലൈസൻസിനുള്ള പരിശീലനത്തിലായിരുന്നു. 'വിദ്യാർഥികൾ ഒറ്റ എഞ്ചിൻ വിമാനം പറത്തുകയായിരുന്നു. ഇരുവരുടെയും വിമാനങ്ങൾ കൂട്ടിയിടിക്കുകയായിരുന്നു. വിമാനത്തിൽ യാത്രക്കാരുണ്ടായിരുന്നില്ല'- പോലീസ് പറഞ്ഞു. ആശയ വിനിമയത്തകരാറാണ് അപകടത്തിന് കാരണമെന്നാണ് സൂചന.

# നിപ്പ: മലപ്പുറത്ത് മരിച്ച സമ്പർക്ക പട്ടികയിലുള്ള സ്ത്രീയുടെ പരിശോധനാ ഫലം നെഗറ്റീവ്

തിരുവനന്തപുരം: മലപ്പുറത്ത് മരിച്ച നിപ്പ സമ്പർക്ക പട്ടികയിലുള്ള 78 വയസുകാരിയുടെ പരിശോധനാ ഫലം നെഗറ്റീവാണെന്ന് ആര്യോഗമന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് നിപ്പ സമ്പർക്കപ്പട്ടികയിൽ ആകെ 498 പേർ ഉള്ളതായും മന്ത്രി അറിയിച്ചു.

മലപ്പുറം ജില്ലയിൽ 203 പേരും കോഴിക്കോട് 116 പേരും പാലക്കാട് 177 പേരും എറണാകുളത്ത് രണ്ട് പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. മലപ്പുറത്ത് 11 പേരാണ് ചികിത്സയിലുള്ളത്. രണ്ട് പേർ ഐസിയുവിൽ ചികിത്സയിലുണ്ട്. മലപ്പുറം ജില്ലയിൽ ഇതുവരെ 46 സാമ്പിളുകൾ നെഗറ്റീവ് ആയിട്ടുണ്ട്.

പാലക്കാട് മൂന്ന് പേർ ഐസൊലേഷനിൽ ചികിത്സയിലാണ്. പാലക്കാട് ജില്ലയിൽ അഞ്ച് പേരുടെ ഫലം നെഗറ്റീവായി. രണ്ട് പേരെ ഡിസ്ചാർജ് ചെയ്തു. സംസ്ഥാനത്ത് ആകെ 29 പേർ ഹൈയസ്റ്റ് റിസ്കിലും 116 പേർ ഹൈ റിസ്ക് വിഭാഗത്തിലും നിരീക്ഷണത്തിലാണ്.

നിപ സ്ഥിരീകരിച്ച രോഗി കോഴിക്കോട് ഐസിയുവിൽ ചികിത്സയിലാണെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

# മിനച്ചിലാറ്റിൽ ഒഴുക്കിൽപ്പെട്ട് വിദ്യാർഥിനി മുങ്ങി മരിച്ചു

പാലാ: കോട്ടയം അരുവിത്തുറയിൽ മിനിച്ചിലാറ്റിൽ ഒഴുക്കിൽപ്പെട്ട് വിദ്യാർഥിനി മുങ്ങി മരിച്ചു. ഐറിൻ ജിമ്മി (18) ആണ് മരിച്ചത്. ഇന്ന് വൈകുന്നേരം മൂന്നിന് വീടിനു പുറകുവശത്തെ കടവിൽ സഹോദരിയ്ക്കൊപ്പം കുളിക്കാനിറങ്ങിയ ഐറിൻ ഒഴുക്കിൽ പെടുകയായിരുന്നു.

അഗ്നിശമനസേനയെത്തി പെൺകുട്ടിയെ രക്ഷപ്പെടുത്തി ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഐറിനെ ആശുപത്രിയിൽ എത്തിച്ചപ്പോൾ പൾസ് കാണിച്ചിരുന്നു. പിന്നീട് ഐറിൻ മരണത്തിന് കീഴടങ്ങുകയായിരുന്നു. അരുവിത്തുറ കൊണ്ടൂർ പാലാത്ത് ജിമ്മി-അനു ദന്പതികളുടെ മകളാണ് ഐറിൻ.

# നിമിഷ പ്രിയയുടെ മോചനം: പ്രധാനമന്ത്രിക്കു കെ. രാധാകൃഷ്ണൻ എംപി കത്തു നൽകി

തൃശൂർ: യെമനിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന നിമിഷ പ്രിയയുടെ വധശിക്ഷ ഒഴിവാക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു കെ. രാധാകൃഷ്ണൻ എംപി കത്തു നൽകി. ജൂലൈ 16ന് വധശിക്ഷ നടപ്പാക്കുമെന്നാണ് ഇപ്പോൾ ലഭിക്കുന്ന വിവരമെന്നും ഇനിയും കേന്ദ്രസർക്കാരിന് ഇടപെടാൻ സമയമുണ്ടെന്നും കത്തിൽ പറഞ്ഞിട്ടുണ്ട്. വിദേശകാര്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടും ഇടപെടൽ നടത്താൻ ശ്രമിക്കുന്നുണ്ടെന്നു കെ. രാധാകൃഷ്ണൻ എംപിയുടെ ഓഫീസ് അറിയിച്ചു.

## മോശം കാലാവസ്ഥ; ഡൽഹി വിമാനത്താവളത്തിൽ വിമാനങ്ങൾ വഴിതിരിച്ചുവിട്ടു

ന്യൂഡൽഹി: മോശം കാലാവസ്ഥയെത്തുടർന്ന് ഡൽഹി വിമാനത്താവളത്തിൽ ആറ് വിമാനങ്ങൾ വഴിതിരിച്ചുവിട്ടു. നിരവധി വിമാനങ്ങൾ വൈകുകയും ചെയ്തു.

നാല് വിമാനങ്ങൾ ജയ്പൂരിലേക്കും രണ്ട് വിമാനങ്ങൾ ലഖ്നൗവിലേക്കും തിരിച്ചുവിട്ടതായി വൃത്തങ്ങൾ അറിയിച്ചു. ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം (ഐജിഐഎ) രാജ്യത്തെ ഏറ്റവും വലിയ വിമാനത്താവളമാണ്. പ്രതിദിനം ഏകദേശം 1,300 വിമാനങ്ങൾ ഇവിടെ സർവീസ് നടത്താറുണ്ട്.

# കൊച്ചിയിൽ എംഡിഎംഎയുമായി രണ്ട് ഐടി ജീവനക്കാർ പിടിയിൽ

കൊച്ചി: കൊച്ചിയിൽ ലഹരിമരുന്നുമായി രണ്ട് ഐടി ജീവനക്കാർ പിടിയിൽ. സ്വദേശിനി ഫരീദ, മൂവാറ്റുപുഴ സ്വദേശി ശിവജിത്ത് ശിവദാസ് എന്നിവരാണ് പിടിയിലായത്. നാല് ഗ്രാം എംഡിഎംഎയും 30 എൽഎസ്ഡി സ്റ്റാമ്പുമാണ് ഇവരിൽനിന്ന് പിടിച്ചെടുത്തത്. ലക്ഷദ്വീപ് പള്ളിമുക്കിലെ ഒരു ലോഡ്ജിൽ നിന്നാണ് ഇരുവരെയും പോലീസ് പിടികൂടിയത്. എറണാകുളം എക്സൈസ് എൻഫോഴ്സ്മെൻറ് ആൻഡ് ആൻറി നർക്കോട്ടിക് ഇൻസ്പെക്ടർ കെ.പി. പ്രമോദിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

# കോൽക്കത്തയിൽ ട്രക്കുകൾ തകർത്ത പോലീസുകാർക്ക് സസ്പെൻഷൻ

കോൽക്കത്ത: പശ്ചിമബംഗാളിൽ അനുമതിയില്ലാത്ത സ്ഥലത്ത് പാർക്ക് ചെയ്തുവെന്ന കാരണത്താൽ പോലീസ് ട്രക്കുകൾ നശിപ്പിച്ചു. കോൽക്കത്തയിലെ ന്യൂ അലിപോറിൽ 30 ട്രക്കുകളാണ് പോലീസ് തകർത്തത്. വാഹനത്തിന്റെ ചില്ലും മറ്റും അടിച്ചുതകർത്തു. സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തതായി കോൽക്കത്ത പോലീസ് അറിയിച്ചു. വാഹനം മാറ്റണമെന്ന് പോലീസ് മുൻകൂർ അറിയിപ്പ് നൽകിയിട്ടില്ലെന്ന് അലിപൂർ ട്രക്ക് ഓണേഴ്സ് അസോസിയേഷൻ മേധാവി പങ്കജ് കുമാർ പറഞ്ഞു. ഇവിടെ ഒരു ആശുപത്രി ഉണ്ട്. ആംബുലൻസിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ ട്രക്കുകൾ ഇവിടെ പാർക്ക് ചെയ്യരുതെന്ന് രണ്ട് ദിവസം മുമ്പ് മാത്രമാണ് ഞങ്ങളോട് പറഞ്ഞത്. 30-35 ട്രക്കുകൾ നശിപ്പിക്കപ്പെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വാക്-ഇൻ-ഇന്റർവ്യൂ

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ സി.എസ്.എസ്.ഡി ടെക്നിഷ്യനെ നിയമിക്കുന്നതിന് ജൂലൈ 29 ന് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in .




ദേശീയ മത്സ്യകർഷക ദിനാചരണത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടി ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

# പട്ടാള ഈച്ചയുടെ ലാർവയിൽ നിന്ന് മത്സ്യതീറ്റ: പരിശീലനവുമായി സിഎംഎഫ്ആർഐ

കൊച്ചി: പട്ടാള ഈച്ചയുടെ (ബ്ലാക് സോൾജിയർ ഫ്ലൈ) ലാർവയിൽ നിന്നും മത്സ്യതീറ്റ നിർമിക്കുന്നതിൽ കർഷകർക്ക് പരിശീലനവുമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ദേശീയ മത്സ്യകർഷക ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടി ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്തു.

സിഎംഎഫ്ആർഐയുടെ ഷെഡ്യൂൾഡ് കാസ്റ്റ് സബ്പ്ലാനിന് (എസ് സി എസ് പി) കീഴിലുള്ള ഗുണഭോക്താക്കൾക്കാണ് പരിശീലനം. കൂടുമത്സ്യ കൃഷി, ബയോഫ്ളോക് കൃഷിരീതികളിൽ ആവശ്യമായി വരുന്ന മത്സ്യതീറ്റ നിർമാണത്തിൽ കർഷകർക്ക് പ്രായോഗിക പരിജ്ഞാനം നൽകുകയാണ് ലക്ഷ്യം. പട്ടാള ഈച്ചയുടെ ലാർവയിൽ നിന്നും മത്സ്യതീറ്റ നിർമിക്കുന്നതിനുള്ള സാങ്കേതികവിദ്യ സിഎംഎഫ്ആർഐ നേരത്തെ വികസിപ്പിച്ചിരുന്നു. പരമ്പരാഗത മത്സ്യത്തീറ്റയിലടങ്ങിയിട്ടുള്ള ഫിഷ് മീൽ, സോയബീൻ എന്നിവക്ക് പകരമായി ധാരാളം പ്രോട്ടീൻ അടങ്ങിയ പട്ടാള ഈച്ചയുടെ ലാർവയാണ് തീറ്റ നിർമാണത്തിന് ഉപയോഗിക്കുന്നത്. മീനുകളുടെ വളർച്ചയെ സഹായിക്കുന്നതും സുസ്ഥിരത ഉറപ്പുവരുത്തുന്നതുമാണ് ഈ തീറ്റ.

മത്സ്യകൃഷിയിൽ തീറ്റയുടെ വില ഒരു പ്രധാന ഘടമകമാണെന്ന് ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ഇത് മൊത്തം ചിലവിന്റെ 40-60% വരും. കൂടുമത്സ്യ-ബയോ-ഫ്ലോക്ക് മത്സ്യകൃഷിയിൽ നിന്നുള്ള ലാഭം വർദ്ധിപ്പിക്കുന്നതിന് ചിലവ് കുറഞ്ഞ മത്സ്യതീറ്റ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.എസ്സിഎസ്പി പദ്ധതിയുടെ ഭാഗമായി, ഇന്ത്യയിലാകെ പട്ടികജാതി വിഭാഗത്തിൽ പെട്ട മത്സ്യകർഷകർക്ക് കൂട് മത്സ്യകൃഷി, ബയോഫ്ലോക്ക് കൃഷി എന്നിവയിൽ പരീശീലനവും സഹായവും സിഎംഎഫ്ആർഐ നൽകിവരുന്നുണ്ട്.ഡോ. കെ. മധു, ഡോ. വിപിൻ കുമാർ വി.പി., ഡോ. രമ മധു, ഡോ. സനൽ എബനീസർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# സംസ്ഥാന കായകൽപ്പ് പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു

2024-25 വർഷത്തിലെ സംസ്ഥാന കായകൽപ്പ് അവാർഡുകൾ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം, മാലിന്യ പരിപാലനം, അണുബാധ നിയന്ത്രണം എന്നിവ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സർക്കാർ ആവിഷ്ക്കരിച്ച അവാർഡാണ് കായകൽപ്പ്. കേരളത്തിലെ ജില്ലാ/ജനറൽ/സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയിൽ നിന്ന് തെരഞ്ഞെടുക്കുന്ന മികച്ച ആശുപത്രികൾക്കാണ് സംസ്ഥാനതല കായകൽപ്പ് അവാർഡ് നൽകുന്നത്. ആശുപത്രികളിൽ ജില്ലാതല പരിശോധനയും പിന്നീട് സംസ്ഥാനതല പരിശോധനയും നടത്തി, സംസ്ഥാനതല കായകൽപ്പ് അവാർഡ് കമ്മിറ്റിയാണ് ഏറ്റവും മികച്ച ആശുപത്രികളെ തെരഞ്ഞെടുത്തിരിക്കുന്നത്.

കായകൽപ്പ് മാർഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലാതല മൂല്യനിർണയത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രം/ പ്രാഥമികാരോഗ്യ കേന്ദ്രം/ ജനകീയാരോഗ്യ കേന്ദ്രങ്ങളെയും കായകൽപ്പ് ജില്ലാതല നോമിനേഷൻ കമ്മിറ്റിയിലൂടെ സംസ്ഥാനതല കായകൽപ്പ് അവാർഡിന് പരിഗണിക്കും.

സംസ്ഥാനത്തെ ജില്ലാ/ജനറൽ/സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി വിഭാഗത്തിൽ 93 ശതമാനം മാർക്ക് നേടി തൃശ്ശൂർ, ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രിയും, എറണാകുളം ജനറൽ ആശുപത്രിയും ഒന്നാം സ്ഥാനമായ 50 ലക്ഷം രൂപയുടെ അവാർഡ് പങ്കിടുന്നു (25 ലക്ഷം വീതം). കൂടാതെ 92 ശതമാനം മാർക്ക് നേടി മലപ്പുറം ജില്ലാ ആശുപത്രി നിലമ്പൂരും, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും രണ്ടാം സ്ഥാനമായ 20 ലക്ഷം രൂപയുടെ അവാർഡ് പങ്കിടുന്നു (10 ലക്ഷം വീതം).

കായകൽപ്പിന് മത്സരിക്കുന്ന ആശുപത്രികൾക്ക് കായകൽപ്പ് അവാർഡിന് പുറമെ മികച്ച സംസ്ഥാനത്തെ ജില്ലാ/ജനറൽ ജില്ലാതല ആശുപത്രിക്കും സബ്ബ് ജില്ലാ തലത്തിലുള്ള ആശുപത്രിക്കും (താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് /താലൂക്ക് ആശുപത്രി/ സാമൂഹികാരോഗ്യ കേന്ദ്രം) പരിസ്ഥിതി സൗഹൃദ അവാർഡുകൾ നൽകുന്നു.

ഈ വിഭാഗത്തിൽ ജില്ലാ/ജനറൽ ആശുപത്രികളിൽ 96 ശതമാനം മാർക്ക് നേടി തൃശ്ശൂർ, ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രി 10 ലക്ഷം രൂപ നേടുകയും സബ് ജില്ലാതലത്തിൽ (താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് / താലൂക്ക് ആശുപത്രി/ സാമൂഹികാരോഗ്യകേന്ദ്രം) 96 ശതമാനം മാർക്ക് നേടി കാസർഗോഡ്, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി 5 ലക്ഷം രൂപയുടെ പരിസ്ഥിതി സൗഹൃദ അവാർഡിന് അർഹരായി.

സംസ്ഥാനത്തെ ജില്ലാ/ജനറൽ ആശുപത്രി വിഭാഗത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടി താഴെ പറയുന്ന 16 ആശുപത്രികൾ 3 ലക്ഷം രൂപ വീതം കായകൽപ്പ് കമൻഡേഷൻ അവാർഡ് തുകയ്ക്ക് അർഹരായി.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കൊല്ലം(87%)

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ (87%)

ജില്ലാ ആശുപത്രി, പാലക്കാട് (86%)

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട് (85%)

ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം (84%)

ജനറൽ ആശുപത്രി, പാലാ, കോട്ടയം (84%)

ജനറൽ ആശുപത്രി, തൃശ്ശൂർ (84%)

ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ (84%)

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് (84%)

ജില്ലാ ആശുപത്രി (എ.എ. റഹീം മെമ്മോറിയൽ), കൊല്ലം (83%)

ജനറൽ ആശുപത്രി, ആലപ്പുഴ (83%)

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം (82%)

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപ്പറമ്പ, കണ്ണൂർ (81%)

ജനറൽ ആശുപത്രി, കാസർകോട് (80%)

ജനറൽ ആശുപത്രി, അടൂർ, പത്തനംതിട്ട (77%)

ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി (75%)

സംസ്ഥാനത്ത് താലൂക്ക് ആശുപത്രി തലത്തിൽ കാസർഗോഡ്, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി 92 ശതമാനം മാർക്കോടെ ഒന്നാം സ്ഥാനമായ 15 ലക്ഷം രൂപയുടെ കായകൽപ്പ് അവാർഡ് കരസ്ഥമാക്കി. കൂടാതെ 91 ശതമാനം മാർക്ക് നേടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ-കൊല്ലം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി സുൽത്താൻ ബത്തേരി-വയനാട് എന്നീ ആശുപത്രികൾ രണ്ടാം സ്ഥാനമായ 10 ലക്ഷം രൂപയുടെ അവാർഡ് പങ്കിടുന്നു (5 ലക്ഷം വീതം).

സംസ്ഥാനത്തെ താലൂക്ക് ആശുപത്രി വിഭാഗത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടി താഴെ പറയുന്ന 14 ആശുപത്രികൾ 1 ലക്ഷം രൂപ വീതം കായകൽപ്പ് കമൻഡേഷൻ അവാർഡ് തുകയ്ക്ക് അർഹരായി.

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ (90%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി, മലപ്പുറം (85%)

താലൂക്ക് ആശുപത്രി, കടയ്ക്കൽ, കൊല്ലം (85%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്കണ്ടം, ഇടുക്കി (83%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട (83%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കോതമംഗലം, എറണാകുളം (81%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വൈക്കം, കോട്ടയം (80%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പീരുമേട്, ഇടുക്കി (79%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി, കൊല്ലം (79%)

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം, ആലപ്പുഴ (78%)

താലൂക്ക് ആശുപത്രി, നാദാപുരം, കോഴിക്കോട് (78%)

താലൂക്ക് ആശുപത്രി, പേരാമ്പ്ര, കോഴിക്കോട് (74%)

താലൂക്ക് ആശുപത്രി, പുതുക്കാട്,തൃശ്ശൂർ (74%)

താലൂക്ക് ആശുപത്രി, പഴയങ്ങാടി, കണ്ണൂർ (73%)

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കോഴിക്കോട്, തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രം 88% ശതമാനം മാർക്കോടെ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനമായ 3 ലക്ഷം രൂപയുടെ കായകൽപ്പ് അവാർഡ് തുകയ്ക്ക് അർഹരായി. അതോടൊപ്പം തന്നെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടി താഴെ പറയുന്ന 21 ആശുപത്രികൾ 1 ലക്ഷം രൂപ വീതം കായകൽപ്പ് കമൻഡേഷൻ അവാർഡ് തുകയ്ക്ക് അർഹരായി.

സാമൂഹികാരോഗ്യകേന്ദ്രം, നരിക്കുനി, കോഴിക്കോട് (85%)

സാമൂഹികാരോഗ്യകേന്ദ്രം, മട്ടത്തൂർ, തൃശ്ശൂർ (84%)

സാമൂഹികാരോഗ്യകേന്ദ്രം, അലപ്പാട്, തൃശ്ശൂർ (81%)

സാമൂഹികാരോഗ്യകേന്ദ്രം, മീനങ്ങാടി, വയനാട് (80%)

സാമൂഹികാരോഗ്യകേന്ദ്രം, മുതുകുളം, ആലപ്പുഴ (80%)

സാമൂഹികാരോഗ്യകേന്ദ്രം, കുറത്തിക്കാട്, ആലപ്പുഴ (78%)

സാമൂഹികാരോഗ്യകേന്ദ്രം, കാളികാവ്, മലപ്പുറം (78%)

സാമൂഹികാരോഗ്യകേന്ദ്രം, വേങ്ങൂർ, എറണാകുളം (77%)

സാമൂഹികാരോഗ്യകേന്ദ്രം, ഓമനൂർ, മലപ്പുറം (76%)

സാമൂഹികാരോഗ്യകേന്ദ്രം, ചെറുവത്തൂർ, കാസർഗോഡ് (75%)

സാമൂഹികാരോഗ്യകേന്ദ്രം, അമ്പലപ്പുഴ, ആലപ്പുഴ (74%)

സാമൂഹികാരോഗ്യകേന്ദ്രം, കൊപ്പം , പാലക്കാട് (74%)

സാമൂഹികാരോഗ്യകേന്ദ്രം, കടമ്പഴിപ്പുറം, പാലക്കാട് (73%)

സാമൂഹികാരോഗ്യകേന്ദ്രം, കൂടല്ലൂർ, കോട്ടയം (73%)

സാമൂഹികാരോഗ്യകേന്ദ്രം, കരുണാപുരം, ഇടുക്കി (72%)

സാമൂഹികാരോഗ്യകേന്ദ്രം, തോളൂർ, തൃശ്ശൂർ (72%)

സാമൂഹികാരോഗ്യകേന്ദ്രം, വളയം, കോഴിക്കോട് (72%)

സാമൂഹികാരോഗ്യകേന്ദ്രം, ഇലഞ്ഞിപ്ര, തൃശ്ശൂർ(71%)

സാമൂഹികാരോഗ്യകേന്ദ്രം, മാറൻഞ്ചേരി, മലപ്പുറം (71%)

സാമൂഹികാരോഗ്യകേന്ദ്രം, മാന്നാർ, ആലപ്പുഴ(71%)

സാമൂഹികാരോഗ്യകേന്ദ്രം, ഓർക്കാട്ടേരി, കോഴിക്കോട് (70%)

ഈ വർഷം മുതൽ 10-ൽ കൂടുതൽ നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുള്ള ജില്ലകളിൽ മികച്ച നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 2 ലക്ഷം രൂപ കായകൽപ്പ് അവാർഡ് ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# സ്റ്റാർട്ടപ്പുകൾക്ക് കടലോളം അവസരങ്ങളുമായി ഹഡിൽ ഗ്ലോബൽ ഡിസംബറിൽ

## ഇന്ത്യയിലെ ഏറ്റവും വലിയ ബീച്ച് സ്റ്റാർട്ടപ്പ് ഉച്ചകോടി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും




തിരുവനന്തപുരം: സ്റ്റാർട്ടപ്പുകൾക്ക് കടലോളം അവസരങ്ങളൊരുക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് സംഗമമായ ഹഡിൽ ഗ്ലോബലിൻറെ ഏഴാം പതിപ്പിന് ഡിസംബറിൽ കോവളത്ത് തിരിതെളിയും. കേരള സ്റ്റാർട്ടപ്പ് മിഷൻറെ നേതൃത്വത്തിൽ ഡിസംബർ 11 മുതൽ 13 വരെ ദി ലീല കോവളം, എ റാവിസ് ഹോട്ടലിൽ നടക്കുന്ന 'ഹഡിൽ ഗ്ലോബൽ 2025' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ഒരു നേർച്ചിത്രമാണ് ഹഡിൽ ഗ്ലോബൽ. അത്യാധുനിക സാങ്കേതികവിദ്യാ ഉത്പന്നങ്ങളും ആശയങ്ങളും കൈമുതലായ സ്റ്റാർട്ടപ്പുകൾക്ക് അപാരസാധ്യതകളാണ് ഇത് മുന്നോട്ട് വെയ്ക്കുന്നത്. പ്രായഭേദമെന്യേ ആർക്കും ഇതിൻറെ ഭാഗമാകാം. 15 ലധികം രാജ്യങ്ങളിൽ നിന്നായി ആയിരക്കണക്കിന് പ്രതിനിധികൾ ഇത്തവണത്തെ ഹഡിൽ ഗ്ലോബലിൻറെ ഭാഗമാകും.

ലോകമെമ്പാടുമുള്ള 200 ലധികം നിക്ഷേപകരെത്തുന്ന സ്റ്റാർട്ടപ്പ് സംഗമത്തിൽ ഇന്ത്യയിലും വിദേശത്തുമുള്ള 6000 ത്തിലധികം സ്റ്റാർട്ടപ്പുകൾ, 100 ഏയ്ഞ്ചൽ നിക്ഷേപകർ, നയരൂപകർത്താക്കൾ, മെൻറർമാർ, എച്ച്എൻഐ കൾ, കോർപറേറ്റുകൾ, പ്രഭാഷകർ തുടങ്ങിയവർ പങ്കെടുക്കും. സ്റ്റാർട്ടപ്പുകൾക്ക് നൂതനാശയങ്ങൾ പ്രദർശിപ്പിക്കുന്നതിനും മൂലധനം സമാഹരിക്കുന്നതിനും പ്രഗത്ഭരായ വ്യവസായ സംരംഭകരുടെ മെൻറർഷിപ്പ് സ്വീകരിക്കുന്നതിനുമുള്ള ചലനാത്മക വേദിയായി ഹഡിൽ ഗ്ലോബൽ 2025 മാറും.

ഒരു സ്റ്റാർട്ടപ്പ് പരിപാടി എന്നതിനപ്പുറമുള്ള മാനം 'ഹഡിൽ ഗ്ലോബൽ 2025' ന് ഉണ്ടെന്ന് സംസ്ഥാന ഇലക്ട്രോണിക്സ് ആൻറ് ഇൻഫർമേഷൻ സെക്രട്ടറി സീറാം സാംബശിവ റാവു പറഞ്ഞു. കേരളത്തിലെ സ്റ്റാർട്ടപ്പുകളുടെ മികച്ച ആശയങ്ങളേയും സംരംഭങ്ങളേയും പരിപോഷിപ്പിക്കുന്നതിന് ഹഡിൽ ഗ്ലോബൽ അവസരമൊരുക്കും. ഇത്തരം ആശയങ്ങൾ ഉപയോഗപ്പെടുത്തി പുത്തൻ ഭാവി സൃഷ്ടിക്കാൻ ലോകത്തെ ഇങ്ങോട്ടേക്ക് ക്ഷണിക്കുന്നതിനുള്ള സംസ്ഥാനത്തിൻറെ പ്രതിബദ്ധത ഇതിലൂടെ തുറന്നുകാട്ടപ്പെടുന്നു.

ഡിജിറ്റൽ സമ്പദ് വ്യവസ്ഥ ആഗോള വളർച്ചയെ പുനർനിർമ്മിക്കുന്ന സമകാലീന സാഹചര്യത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവും ആഗോളതലത്തിൽ മത്സരാധിഷ്ഠിതവുമായ സ്റ്റാർട്ടപ്പുകളുടെ കേന്ദ്രമെന്ന നിലയിൽ കേരളം ഉയർന്നു വരുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

അന്താരാഷ്ട്ര സാങ്കേതിക ലക്ഷ്യസ്ഥാനമായി തിരിച്ചറിയപ്പെടുന്നതിലേക്കുള്ള കേരളത്തിൻറെ വലിയ ചുവടു വയ്പ്പുകളിലൊന്നാണ് ഹഡിൽ ഗ്ലോബൽ 2025 എന്ന് കെഎസ്‌യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു.

6,000 ത്തിലധികം സ്റ്റാർട്ടപ്പുകൾ, ഡസൻ കണക്കിന് ഇൻകുബേറ്ററുകൾ, സംരംഭകത്വത്തെ സജീവമായി പിന്തുണയ്ക്കുന്ന സർക്കാർ സംവിധാനങ്ങൾ എന്നിവയ്ക്കൊപ്പം ഏഷ്യയിലെ ഏറ്റവും ചലനാത്മകമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകളിൽ ഒന്നായി കേരളം ഉയർന്നു വന്നിട്ടുണ്ട്.

മികച്ച ആശയങ്ങളും പരിഹാരങ്ങളുമായെത്തുന്ന സ്റ്റാർട്ടപ്പ് സംരംഭകർക്ക് മാർഗനിർദ്ദേശം, ദൃശ്യപരത, വിശ്വാസ്യത, മൂലധനം തുടങ്ങിയവ ലഭ്യമാക്കുന്നൊരിടമായി ഹഡിൽ ഗ്ലോബൽ പ്രവർത്തിക്കുന്നു. ഇത്തവണത്തെ ഹഡിൽ ഗ്ലോബലിൽ ഉന്നത നിലവാരമുള്ള നിക്ഷേപകർ, വെഞ്ച്വർ ക്യാപിറ്റൽ സ്ഥാപനങ്ങൾ, ആഗോള മെൻറർമാർ, ഉന്നതതല മാധ്യമങ്ങൾ എന്നിവരുൾപ്പെടെ 3,000 ത്തിലധികം പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അന്താരാഷ്ട്ര പ്രതിനിധികളും പ്രഭാഷകരും ഇതിൻറെ ഭാഗമാകും. ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ഇന്നവേഷൻ പരിപാടികളിലൊന്നായി ഹഡിൽ ഗ്ലോബൽ ഇടം നേടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിനായി മുൻകാല ഹഡിൽ ഗ്ലോബൽ വേദികളിൽ അന്താരാഷ്ട്ര സ്ഥാപനങ്ങൾ, ആഗോള നിക്ഷേപകർ, സർക്കാർ ഏജൻസികൾ എന്നിവരുമായി ധാരണാപത്രം ഒപ്പിട്ടിരുന്നു. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ബെൽജിയം, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളുമായുള്ള സഹകരണത്തിനും ഹഡിൽ ഗ്ലോബൽ വഴിയൊരുക്കി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പോലുള്ള ഇന്ത്യയിലെ പ്രധാന സ്ഥാപനങ്ങളെയും സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ഭാഗമാക്കാനായി.

നിർമ്മിത ബുദ്ധി (എഐ), ഫിൻടെക്, ബ്ലോക്ക് ചെയിൻ, ഹെൽത്ത്ടെക്, ലൈഫ് സയൻസസ്, ഓഗ്മെൻറഡ്/വെർച്വൽ റിയാലിറ്റി, സ്പേസ്ടെക്, ഇ-ഗവേണൻസ്, ഇൻറർനെറ്റ് ഓഫ് തിംഗ്സ് എന്നിവയുൾപ്പെടെയുള്ള ഭാവി മേഖലകളെ ഹഡിൽ ഗ്ലോബൽ ഉയർത്തിക്കാട്ടും. ഈ മേഖലകളിലെ സ്റ്റാർട്ടപ്പുകൾ മികച്ച ആശയങ്ങൾ അവതരിപ്പിക്കും. ഇതുമായി ബന്ധപ്പെട്ട് നിക്ഷേപകരുമായുള്ള തത്സമയ ചർച്ചകൾ, പൈലറ്റ് ഫണ്ടിംഗ്, ആഗോള വിപണി സാധ്യതകൾ എന്നിവയെ കുറിച്ച് അറിയാനുള്ള അവസരവും ലഭ്യമാകും.

ഇൻവെസ്റ്റർ ഓപ്പൺ പിച്ചുകൾ, ഫൗണ്ടേഴ്സ് മീറ്റ്, ഇംപാക്റ്റ് 50, പിച്ച് ഇറ്റ് റൈറ്റ്, സൺ ഡൗൺ ഹഡിൽ, റൗണ്ട്ടേബിളുകൾ എന്നിങ്ങനെയുള്ള സെഷനുകൾ ഇക്കൊല്ലത്തെ ഹഡിൽ ഗ്ലോബലിൽ ഉണ്ടാകും.

പിച്ച് മത്സരങ്ങൾ, സ്റ്റാർട്ടപ്പ് എക്സ്പോകൾ, നിക്ഷേപക സംഗമങ്ങൾ, ഫയർസൈഡ് ചാറ്റുകൾ, മാസ്റ്റർക്ലാസുകൾ, ക്യൂറേറ്റഡ് നെറ്റ് വർക്കിംഗ് അനുഭവങ്ങൾ എന്നിവയും സ്റ്റാർട്ടപ്പ് സംഗമത്തെ ആകർഷകമാക്കും.

# കയർ ഉൽപ്പന്ന നിർമ്മാണത്തിൽ നൈപുണ്യ പരിശീലനം: മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്യും

പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് സംഘടിപ്പിക്കുന്ന കയർ അനുബന്ധ ഉൽപ്പന്നങ്ങളിലെ തൊഴിൽ നൈപുണ്യ പരിശീലന പരിപാടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ഉദ്ഘാടനം ചെയ്യും. ജൂലൈ 17 ന് രാവിലെ 11 ന് മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടക്കുന്ന പരിപാടിയിൽ നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും വി. കെ. പ്രശാന്ത് എം. എൽ. എ., വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, പട്ടികജാതി പ്രമോട്ടർമാർ, ആദ്യ ബാച്ചുകളിലെ തിരഞ്ഞെടുക്കപ്പെട്ട പരിശീലനാർഥികൾ എന്നിവർ പങ്കെടുക്കും.

സംസ്ഥാന പട്ടികജാതി വകുപ്പ്, കയർ വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് 50 വയസ്സ് പ്രായപരിധിയിൽ കവിയാത്ത പട്ടികജാതി വനിതകൾക്കാണ് വിവിധ കയർ ഉൽപന്ന നിർമ്മാണത്തിൽ സ്റ്റൈപന്റോടെ പരിശീലനം നൽകുന്നത്. കയർ ഫ്രെയിം മാറ്റ് നിർമാണം, ചകിരിച്ചോർ കമ്പോസ്റ്റാക്കൽ, കയർ ഭൂവസ്ത്ര നിർമാണം എന്നിവയിലാണ് പരിശീലനം.

# ഡോ. ജയതിലക് ചുടു ചോറ് വാരാൻ പറയും, വാരാതിരിക്കുന്നതാണ് ബുദ്ധി: എൻ. പ്രശാന്ത്

തിരുവനന്തപുരം: ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകിനെതിരെ രൂക്ഷ വിമർശനവുമായി വീണ്ടും എൻ. പ്രശാന്ത് ഐഎഎസ്. വിവരാവകാശ രേഖപ്രകാരം നൽകിയ അപേക്ഷകൾ സംബന്ധിച്ച് നിയമ വിരുദ്ധമായ നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി നൽകിയെന്നാണ് എൻ. പ്രശാന്തിന്റെ ആരോപണം. ഡോ. ജയതിലകിനെ കാണിച്ച് അനുമതി വാങ്ങിയ ശേഷമേ എന്തുത്തരവും നൽകാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടികൾ പരമാവധി താമസിപ്പിക്കാനും മുട്ടാപ്പോക്ക് പറഞ്ഞ് വിവരങ്ങൾ നിഷേധിക്കാനും ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയെന്നും പ്രശാന്ത് ആരോപിക്കുന്നു.

നിയമം വിട്ട് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ പ്രവർത്തിച്ചാൽ അത് ക്രിമിനൽ ഗൂഢാലോചനയാവുമെന്നും പ്രശാന്ത് ഫേസ്ബുക്ക് കുറിപ്പിൽ പറയുന്നു. വിവരങ്ങൾ മറച്ചുവയ്ക്കുകയോ, ഓവർ സ്മാർട്ടായി ജയതിലക് പറയും പ്രകാരം പ്രവർത്തിക്കുകയോ ചെയ്ത് ഈ കുറ്റകൃത്യത്തിന്റെ ഭാഗമാവാതിരിക്കുക. ചോദ്യങ്ങൾക്ക് നിയമാനുസരണം മറുപടി പറഞ്ഞ് മുന്നോട്ട് പോകാം. സമയലാഭമുണ്ട്. നമുക്ക് നാളെയും കാണണ്ടേ. ഡോ. ജയതിലക് ചുടു ചോറ് വാരാൻ പറയും, വാരാതിരിക്കുന്നതാണ് ബുദ്ധിയെന്നും പ്രശാന്ത് കൂട്ടിച്ചേർത്തു.

# ഗുരുവായൂർ ദേവസ്വം തസ്തികകളിലേക്ക് പൊതു ഒ.എം.ആർ പരീക്ഷ ജൂലൈ 20 ന്

## ഭിന്നശേഷിക്കാർക്ക് സ്ക്രൈബിന് അപേക്ഷിക്കാം

ഗുരുവായൂർ ദേവസ്വത്തിലെ വിവിധ തസ്തികകളായ സാനിറ്റേഷൻ വർക്കർ (കാറ്റഗറി നമ്പർ: 03/2025), ഗാർഡനർ (04/2025), കൗ ബോയ് (05/2025), ലിഫ്റ്റ് ബോയ് (06/2025), റൂം ബോയ് (07/2025), ലാമ്പ് ക്ലീനർ (14/2025), കൃഷ്ണനാട്ടം സ്റ്റേജ് അസിസ്റ്റന്റ് (17/2025), കൃഷ്ണനാട്ടം കോസ്റ്റ്യൂം മേക്കർ (18/2025), ഓഫീസ് അറ്റൻഡന്റ് (GDEMS) (30/2025), ഓഫീസ് അറ്റൻഡന്റ് (GDEMS) (31/2025), സ്വീപ്പർ (GDEMS) (32/2025) എന്നിവയിലേക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പൊതു ഒ.എം.ആർ. പരീക്ഷ ജൂലൈ 20-ന് ഉച്ചയ്ക്ക് 01:30 മുതൽ 03:15 വരെ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. പരീക്ഷ എഴുതുന്നതിന് ഹാൾ ടിക്കറ്റ് ലഭിച്ചിട്ടുള്ള 40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്ക്രൈബിന്റെ സേവനം ആവശ്യമാണെങ്കിൽ, അത് ജൂലൈ 14 വൈകുന്നേരം 5 മണിക്ക് മുമ്പായി kdrbtvm@gmail.com എന്ന ഇ-മെയിൽ വഴിയോ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകർ ദേവജാലിക പ്രൊഫൈൽ വഴി സമർപ്പിച്ച അപേക്ഷയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളവരാകണം.

അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോം, പരീക്ഷയുടെ ഹാൾ ടിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിലെ ഡോക്ടർ നൽകുന്ന 'എഴുതുവാൻ ബുദ്ധിമുട്ടുണ്ട്' എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയും സമർപ്പിക്കേണ്ടതാണ്. ഈ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്ക്രൈബിനായി പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്കായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.kdrb.kerala.gov.in സന്ദർശിക്കാവുന്നതാണ്.

# വോട്ടർപട്ടിക പുതുക്കൽ: ബിഹാറിലെ ഒരു കോടിയോളം വോട്ടർമാർ പുറത്താകും

പട്ന : ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ബിഹാറിലെ ഒരു കോടിയോളം വോട്ടർമാർ സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ നിന്നു പുറത്താകും. ബിഹാറിലെ 1.33 കോടി വോട്ടർമാർ മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നതായാണു കണക്കാക്കുന്നത്. ഇവർ ഈ മാസം 25നകം നാട്ടിലെത്തി രേഖകൾ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കു സമർപ്പിക്കണം. ജോലി സാഹചര്യങ്ങൾ കാരണം ഒരു കോടി വോട്ടർമാർക്കെങ്കിലും വോട്ടർ പട്ടിക പുതുക്കൽ നടപടികളിൽ പങ്കെടുക്കാനായി നാട്ടിലെത്താൻ കഴിയില്ല.

ദീപാവലി, ഛഠ്, ഹോളി ...ൽസവ ദിവസങ്ങളിലാണു ...തര സംസ്ഥാനങ്ങളിൽ ...ജാലി ചെയ്യുന്നവർ ബി...ാറിൽ സാധാരണ അവ...ിക്കെത്തുക. വോട്ടർ പട്ടി...യിൽ പേര് ഉൾപ്പെടുത്തി...ാലും വോട്ടെടുപ്പിൽ പ...ങ്കെടുക്കാൻ മാത്രമായി നാ...ലെത്തുന്നതിനും ഇവർ...ു ബുദ്ധിമുട്ടുണ്ട്. വോട്ടർ പട്ടികയിൽ നിന്നു പുറത്തായാൽ വോട്ടർക്ക് തിരിച്ചറിയൽ കാർഡ് ഭാവിയിൽ രേഖയായി ഹാജരാക്കാൻ കഴിയാത്ത സാഹചര്യവും ഉണ്ടാകും.

# ബഡ്സ് സ്ഥാപനങ്ങളിലെ കൗമാരപ്രായക്കാരായ കുട്ടികളുടെ വികാസത്തിന് സമഗ്ര പദ്ധതിയുമായി കുടുംബശ്രീ

തിരുവനന്തപുരം - ബഡ്സ് സ്ഥാപനങ്ങളിലെ കൗമാരക്കാരായ കുട്ടികളുടെ വികാസം ലക്ഷ്യമിട്ടുള്ള സമഗ്ര പദ്ധതിയുമായി കുടുംബശ്രീ. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കുടുംബശ്രീ നടത്തിവരുന്ന ബഡ്സ് സ്ഥാപനങ്ങളിലെ പരിശീലനാർത്ഥികളായ കൗമാരക്കാരായ കുട്ടികൾ, അവരുടെ രക്ഷിതാക്കൾ, അധ്യാപകർ എന്നിവരെ കേന്ദ്രീകരിച്ചുള്ള പ്രത്യേക പരിശീലന പദ്ധതിയാണിത്. പരിശീലന പദ്ധതി മൊഡ്യൂൾ തയാറാക്കുന്നതിനുള്ള പ്രാഥമിക എഴുത്തു ശിൽപ്പശാല വ്യാഴാഴ്ച്ച (10072025) കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസിൽ സംഘടിപ്പിച്ചു.

ബഡ്സ് സ്ഥാപനങ്ങളിലെ കൗമാരക്കാരായ പരിശീലനാർത്ഥികൾക്ക് ശാരീരികവും - ബൗദ്ധികവുമായ വളർച്ചയിലുണ്ടാകുന്ന അന്തരത്തെത്തുടർന്ന് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഈ സമഗ്ര പരിശീലന പദ്ധതിയിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ സൈക്യാട്രി വിഭാഗം ഡോക്ടർമാർ, പ്രമുഖരായ സൈക്കോളജിസ്റ്റുകൾ എന്നിവരുടെ സഹായത്തോടെ തയാറാക്കുന്ന പ്രത്യേക പരിശീലന പദ്ധതി സംസ്ഥാനത്തെ 378 ബഡ്സ് സ്ഥാപനങ്ങളിലും നടപ്പിലാക്കും.

ഈ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന 13000ത്തോളം വരുന്ന കുട്ടികൾക്ക് പരിശീലന പദ്ധതിയിലൂടെ മാനസിക പിന്തുണയേകുന്നതിന് അവരുടെ 26000ത്തോളം വരുന്ന രക്ഷിതാക്കൾ, 500ലേറെ അധ്യാപകർ, ആയമാർ എന്നിവർക്കും പ്രത്യേകം തയാറാക്കിയ മൊഡ്യൂളുകൾ അടിസ്ഥാനമാക്കി പരിശീലനം നൽകും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ. അരുൺ ബി. നായർ, കൊല്ലം മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവി ഡോ. മോഹൻ റോയ്, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ. ബി. ശ്രീജിത്ത്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അരുൺ പി. രാജൻ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ ജിഷ്ണു ഗോപൻ, കൃഷ്ണകുമാരി, ബഡ്സ് സ്കൂൾ അധ്യാപകരായ അംബിക, സുജി, വിനിത, ബഡ്സ് പരിശീലനാർത്ഥികളുടെ രക്ഷിതാക്കൾ എന്നിവരും ശിൽപ്പശാലയിൽ പങ്കെടുത്തു. പരിശീലന മൊഡ്യൂളുകൾ തുടർന്നുള്ള ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന എഴുത്തു ശിൽപ്പശാലകളിലൂടെ അന്തിമമാക്കും.




ശിൽപ്പശാലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ. അരുൺ ബി. നായർ സംസാരിക്കുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ. ബി. ശ്രീജിത്ത്, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ജിഷ്ണു ഗോപൻ, കൊല്ലം മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവി ഡോ. മോഹൻ റോയ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അരുൺ പി. രാജൻ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ കൃഷ്ണകുമാരി, ബഡ്സ് സ്കൂൾ അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ സമീപം.